വരുത്തി. ബേപ്പൂർ പഞ്ചായത്തിൽ എഴവം വാർഡ് മെമ്പർ ശ്രീമതി ആനന്ദ വല്ലിയുടെ വീട് ആക്രമിക്കുകയും തീവയ്ക്കുകയും ചെയ്തു. ഡി.വൈ. എഫ്.ഐ. പ്രവർത്തകൻ സജിത് നാരായണന്റെ വീട് ആക്രമിച്ചു. നടുവട്ട ത്തുള്ള കടയും ശങ്കരൻ എന്ന ആളിന്റെ ഡയറി ഫാമും ഗണേശന്റെ വീടും ആക്രമിച്ച് നാശനഷ്ടം വരുത്തി. സി.പി.എം. ബേപ്പൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ശിവദാസിന്റെ വീടിനും കോൺഗ്രസ്സ് അനുഭാവിയും സി.പി.എം. പ്രവർത്തകന്റെ മകനുമായ നാരായണന്റെ വീടിനും നാശനഷ്ടം വരുത്തി. കോഴിക്കോട് സിറ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സന്നാഹം സ്ഥലത്ത് എത്തുകയും സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുകയും കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ബേപ്പൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സി.ആർ.പി. സി. 144-ാം വകുപ്പു പ്രകാരം ജില്ലാ കളക്ടർ നിരോധനാജ്ഞ പുറപ്പെടുവി ച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾക്ക് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ പിടി കൂടുന്നതിനായി ജാഗ്രതയോടെ നടപടികൾ സ്വീകരിച്ചുവരുന്നു. സംഭവസ്ഥലത്ത് കണ്ണൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സന്നാഹം വിന്യസിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ ഇപ്പോൾ പൂർണ്ണമായും നിയന്ത്രണവിധേയമാണ്. വിഷം കഴിച്ച് സംശയാസ്പദമായ സാഹചര്യത്തിലുണ്ടായ ആർ.എസ്.എസ്. പ്രവർത്തകന്റെ മരണം രാഷ്ട്രീയ കൊലപാതകമായി ചിത്രീകരിച്ചാണ് ആർ.എസ്.എസ്./ ബി.ജെ.പി. പ്രവർത്തകർ സംഘടിതമായി ആക്രമണം നടത്തിയത്. സംസ്ഥാനത്ത് നിലനിൽക്കുന്ന സമാധാനാന്തരീക്ഷം അലങ്കോലപ്പെടുത്തു ന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള പരിശ്രമങ്ങളിലൂടെയുള്ള അക്രമപ്രവർത്തനങ്ങളെ സർക്കാർ ശക്തമായി നേരിടുകതന്നെ ചെയ്യും. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിന് ആവശ്യ മായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ഇത്തരം അക്രമപ്രവർത്ത നങ്ങൾ സംഘടിപ്പിക്കുന്നവരെ ഒറ്റപ്പെടുത്തുവാൻ എല്ലാ വിഭാഗം ജനങ്ങ ളോടും അഭ്യർത്ഥിക്കുകയും ചെയ്യും. ഒരു കാരണവശാലും നിയമം കൈയി ലെടുക്കുവാനോ രാജ്യത്തെ ക്രമസമാധാനനില താറുമാറാക്കുവാനോ ഒരു ശക്തിയേയും അനുവദിക്കുകയില്ല. അതിനുള്ള നടപടികൾ കൈക്കൊള്ളു മെന്ന് ഞാൻ ഉറപ്പുതരുകയാണ്.

(2) പോലീസ് കോൺസ്റ്റബിൾ റാങ്ക്‌ലിസ്റ്റിൽനിന്ന് നിയമനം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളാ പോലീസിലേയ്ക്ക് കോൺസ്റ്റബിൾമാരെ തെരഞ്ഞെടുക്കുന്നതിന് തയ്യാറാക്കിയ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് ശേഷിക്കുന്നവരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന ത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി നാലായിര ത്തിലധികംപേരെ നിയമിച്ചത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഇത് ഉന്ന യിക്കുന്നത്. ടെസ്റ്റ് പാസ്സായി റാങ്ക്‌ലിസ്റ്റിൽ പേരുള്ളവർ ഇനിയും ധാരാളം പേർ ഉണ്ട്. പോലീസിലേയ്ക്ക് തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഒരുവർഷം പരിശീലനം നൽകിയതിനുശേഷമേ നിയമിക്കുവാൻ കഴിയൂ. 1.1.1999 വരെ യുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ കെ.എ.പി, എസ്.എ.പി.,

LIBRARY ARCHIVES Kerala Legislative Assembly

എം.എസ്സ്.പി. ക്യാമ്പുകളിൽ ഏഴു ബറ്റാലിയനുകളിലായി പരിശീലനം ലഭിച്ച 1503 പേരുണ്ട്. അവരെ എ.ആർ. ക്യാമ്പിലേയ്ക്കും അവിടെയുള്ള വരെ ലോക്കൽ പോലീസ് സ്റ്റേഷനിലേയ്ക്കും മാറ്റിയാൽ 1004 വേക്കൻസി യുണ്ടാകും. ഇപ്പോൾ 1500 പേർക്ക് ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുക യാണ്. 2000 മാണ്ട് ആകുമ്പോഴേക്കും ഒഴിവുകളുടെ എണ്ണം ഇരട്ടിയാകും. അതുകൊണ്ട് അടുത്ത ഒരു വർഷത്തെ ഒഴിവുകൾക്കൂടി കണക്കിലെടുത്ത് നിയമനം നടത്തണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ സംസ്ഥാനത്ത് കഴിവതുംവേഗം ഒഴിവുകൾ നികത്തുന്ന തിന് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ശേഷിക്കുന്നവരെക്കൂടി നിയമിക്കു വാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ , വിവിധ ക്യാമ്പുകളിലായി ഇപ്പോൾ പരിശീലനം നടന്നു കൊണ്ടിരിക്കുന്ന 2,583 പോലീസ് കോൺസ്റ്റബിൾമാരുടെ റിക്രൂട്ട്മെന്റിനു പുറമെ പുതിയ ബാച്ചുകൾക്കുകൂടി പരിശീലനം നൽകുവാൻ ഡി.ജി.പി. ക്കു നിർദ്ദേശം നല്കിയിട്ടുണ്ട്. 1,150 പേർ അടങ്ങുന്ന ബാച്ചിന്റെ പരിശീലന മാണ് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. പരിശീലനം ആരംഭി ക്കുവാനുള്ള ക്യാമ്പുകളുടെ സൗകര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് 1999 മേയ് മാസം അവസാന വാരത്തിലും ജൂലായ് മാസം ആദ്യവാര ത്തിലും പരിശീലനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. കെ.എ.പിയിൽ 215 പേരെയും കെ.എ.പി II ലേയ്ക്ക് 128 പേരേയും കെ.എ.പി III യിലേയ്ക്ക് 270 പേരെയും കെ.എ.പി IV ലേയ്ക്ക് 167 പേരെയും കെ.എ.പി V യിലേയ്ക്ക് 8 പേരെയും എം.എസ്.പി യിലേയ്ക്ക് 229 പേരെയും എസ്.എ.പി യിലേയ്ക്ക് 150 പേരെയുമാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ആവശ്യമായ ഉദ്യോഗാർത്ഥികളുടെ പേരുകൾ നിർദ്ദേശിക്കുവാൻ കേരള പബ്ലിക്ക് സർവീസ് കമ്മീഷനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ശ്രീചിത്രാ മെഡിക്കൽ സെന്ററിലെ ബുദ്ധിമുട്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : ആതുര സേവന രംഗത്ത് ശ്രദ്ധേയമാ യിട്ടുള്ള ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ ഇന്നത്തെ സാഹചര്യത്തെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തിരു വിതാംകൂർ രാജകുടുംബത്തിന്റെ സംഭാവനയായി 1973 ലാണ് ഈ സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. സയൻസ് ആന്റ് ടെക്നോളജി വിഭാഗത്തിന്റെ കീഴിൽ ഒരു സ്വയംഭരണസ്ഥാപനമായി പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് ഇതിനെ വളർത്തിക്കൊണ്ടുവന്ന തെന്നു നമുക്കറിയാം. 1974 മുതൽ ഡോ. എം.എസ്.വല്യത്താൻ ഈ സ്ഥാപനത്തിന്റെ ഡയറക്ടറായിരുന്നു. 1994 വരെ, 20 വർഷം അദ്ദേഹം പ്രവർത്തിച്ചു. ജീവനക്കാരും ഡോക്ടർമാരും ഗവേഷകരുമെല്ലാം ഒരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി മെഡിക്കൽ സയൻസിന്റെയും ബയോമെഡി ക്കൽ എഞ്ചിനിയറിംഗ് ടെക്നോളജിയുടെയും വളർച്ചയ്ക്കും നമ്മുടെ സംസ്ഥാനത്ത് ഈ സ്ഥാപനം ഒരു പ്രധാനപ്പെട്ട ഹേതുവായി. ഇവിടെ കാർഡിയോളജി, കാർഡിയാക്ക് സർജറി, തൊറാസിക്ക് സർജറി, ന്യൂറോളജി, ന്യൂറോ സർജറി എന്നീ വിഭാഗങ്ങളിൽ അതിവിദഗ്ധ ചികിത്സ നൽകിവരുന്നു. ഈ സ്ഥാപനത്തിലൂടെയുള്ള ഗവേഷണ

LIBRARY ARCHIVES Kerala Legislative Assembly